# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6037 — 28.10.11 ൽ -മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ പുതിയ റേഷൻ കടകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) | പുതിയ റേഷൻകട ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിലുള്ള റേഷൻകടയിൽ നിന്നും റേഷൻ സാധനങ്ങൾ വാങ്ങുന്നതിന് ദൂരപരിധി വളരെ കൂടുതലാണെങ്കിലും, ഭൂപ്രകൃതിയനുസരിച്ച്,കാർഡുടമകൾക്ക് യാത്രാ ക്ലേശം അനുഭവിക്കേണ്ടിവരുന്ന സാഹചര്യത്തിലും കാർഡുടമകളുടെ നിവേദനത്തിൻമേൽ അന്വേഷണം നടത്തി നിർദ്ദിഷ്ട സ്ഥലത്ത് റേഷൻകട ആരംഭിക്കുന്നത് അനിവാര്യമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം സർക്കാർ അനുമതിയോടെ പുതിയ കട അനുവദിക്കുന്നതാണ്. പുതുതായി അനുവദിക്കുന്ന റേഷൻകടയ്ക്കും റേഷൻ കാഡുകൾ പുതിയ കടയിലേക്ക് മാറ്റം ചെയ്യുന്ന സമീപ റേഷൻകടകളിലും കുറഞ്ഞത് 400 കാർഡുകൾ നിലനില്ക്കേണ്ടതാണ്. പുതിയ റേഷൻകട അനുവദിക്കുന്നത് മൂലം സമീപത്തെ റേഷൻകടയുടെ സാമ്പത്തിക ഭദ്രതയെ ബാധിക്കാൻ പാടുള്ളതല്ല. |
| (ബി) | കോഴിക്കോട് ജില്ലയിൽ പുതിയ റേഷൻകടകൾ ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലെ എത്ര അപേക്ഷ ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ; | (സി) | കൊയിലാണ്ടി താലൂക്കിൽ ഉണ്ണിക്കുളം പഞ്ചായത്തിൽ പെരിങ്ങളം വയൽ എന്ന സ്ഥലത്തേക്ക് ഒരു അപേക്ഷ ലഭിച്ചു. കോഴിക്കോട് താലൂക്കിൽ കുന്ദമംഗലം പഞ്ചായത്തിൽ പൈങ്ങോട്ടുപുറത്തും കോഴിക്കോട് താലൂക്കിൽ കൊടുവള്ളി പഞ്ചായത്തിൽ പോർങ്ങോട്ടൂർ എന്ന സ്ഥലത്തും അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 27.10.11 ആണ്. |
| (ഡി) | പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിൽ തീരുമാനമെടുത്തു എന്നും വ്യക്തമാക്കാമോ? | (ഡി) | ഒന്ന് |

Preetha

സെക്ഷൻ ഓഫീസർ